**India Foundation for the Arts (IFA)**
in collaboration with the
**Bastion Bungalow, Fort Kochi**
invites applications for
**One IFA-Bastion Bungalow Creative Project**
under its **Archives and Museums programme**

**Application Deadline: Monday, February 20, 2023**

ഫോർട്ട് കൊച്ചിയിലെ ബാസ്റ്റ്യൻ ബംഗ്ലാവുമായി സഹകരിച്ച് ഇന്ത്യ ഫൗണ്ടേഷൻ ഫോർ ആർട്സ് (ഐഎഫ്എ) നടപ്പാക്കുന്ന ആർക്കൈവ്സ് ആൻഡ് മ്യൂസിയം പ്രോഗ്രാമിന് കീഴിലുള്ള ഐഎഫ്എ-ബാസ്റ്റ്യൻ ബംഗ്ലാവ് ക്രിയേറ്റീവ് പ്രോജക്റ്റിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

ഐഎഫ്എയുടെ ആർക്കൈവ്സ് ആൻഡ് മ്യൂസിയം പ്രോഗ്രാം രണ്ട് ലക്ഷ്യങ്ങളോടെയാണ് ആരംഭിച്ചിരിക്കുന്നത്:

ആർക്കൈവുകളുമായും മ്യൂസിയം ശേഖരങ്ങളുമായും പൊതുജന സമ്പർക്കം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കായി പുതുതും വിമർശനാത്മകവും ക്രിയാത്മകവുമായ സമീപനങ്ങൾ സൃഷ്ടിക്കുന്നതിന് കലാ പ്രയോക്താക്കൾക്കും ഗവേഷകർക്കും അവസരം നൽകുക. കൂടാതെ ഈ ഇടങ്ങളെ സംവാദത്തിനും സംഭാഷണങ്ങൾക്കുമുള്ള വേദികളായി പുനരുജ്ജീവിപ്പിക്കുക.

കൂടുതൽ വിവരങ്ങൾക്ക്ഇവിടെ ക്ലിക്ക് ചെയ്യുക.

ബാസ്റ്റ്യൻ ബംഗ്ലാവിനെക്കുറിച്ച്:

കേരളത്തിലെ ഫോർട്ട് കൊച്ചിയില് സ്ഥിതി ചെയ്യുന്ന ചരിത്ര സ്മാരകമാണ് ബാസ്റ്റ്യൻ ബംഗ്ലാവ്, വൈവിധ്യമാർന്ന കൊളോണിയൽ ചരിത്രങ്ങളിലൂടെ കൊച്ചിയുടെ ഭൂതകാലത്തെ പ്രതിനിധീകരിക്കുന്ന ഒരു മ്യൂസിയമാണിത്. 1503 CE-ൽ പോർച്ചുഗീസുകാർ ഫോർട്ട് മാനുവൽ അല്ലെങ്കിൽ മാനുവൽ കോട്ട നിർമ്മിച്ചതോടെയാണ് ഫോർട്ട് കൊച്ചിയുടെ കൊളോണിയൽ ചരിത്രം ആരംഭിക്കുന്നത്, ഇത് ഇന്ത്യയിൽ സ്ഥാപിതമായ ആദ്യത്തെ യൂറോപ്യൻ കോട്ടയാണ്. 1663-നുശേഷം, ഡച്ചുകാർ പോർച്ചുഗീസുകാരെ പരാജയപ്പെടുത്തിയപ്പോൾ, അവർ കോട്ടയുടെ വലിയ ഭാഗങ്ങൾ പുനർനിർമിച്ചു, അത് സ്റ്റോംബർഗ് ബാസ്റ്റ്യൻ എന്നറിയപ്പെടുന്നു. 1795 CE-ൽ ബ്രിട്ടീഷുകാർ ആ കോട്ട തകർത്തു കളയുകയും അതിന്റെ സ്ഥാനത്ത്, ഒരു ബംഗ്ലാവ് നിർമ്മിക്കുകയും ചെയ്തു. ബ്രിട്ടീഷ് കാലഘട്ടത്തിൽ ഒരു റെസിഡൻഷ്യൽ കെട്ടിടമായി ഉപയോഗിച്ചിരുന്ന ബാസ്റ്റ്യൻ ബംഗ്ലാവ് 1999-ൽ സംസ്ഥാന പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുകയും ജില്ലാ പൈതൃക മ്യൂസിയമാക്കി മാറ്റുകയും ചെയ്തു, അതേ സമയം ഫോർട്ട് കൊച്ചിയുടെ നിർമ്മിത പൈതൃകത്തിന്റെ അവിഭാജ്യ ഘടകമായി ഇന്നും ഈ ചരിത്രസ്മാരകം നില കൊള്ളുന്നു.

ബാസ്റ്റ്യൻ ബംഗ്ലാവിലെ ശേഖരങ്ങളെ/ഗാലറികളെ കുറിച്ച്:

വസ്തുക്കളുടെ സമാഹാരങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന മ്യൂസിയങ്ങളിൽ നിന്ന് വ്യത്യസ്തമായി, ക്യൂറേറ്റഡ് ഡിസ്പ്ലേകൾ, വ്യാഖ്യാനങ്ങൾ, സാങ്കേതികവിദ്യ എന്നിവയുടെ സഹായത്തോടെ കൊച്ചിയുടെ ചരിത്രത്തിലൂടെ യാത്ര ചെയ്ത അനുഭവം പ്രേക്ഷകർക്ക് സമ്മാനിക്കുക എന്നതാണ് ബാസ്റ്റ്യൻ ബംഗ്ലാവിന്റെ ഹെറിറ്റേജ് മ്യൂസിയം ലക്ഷ്യമിടുന്നത്. ഏകദേശം 10 ഗാലറികളിലായി വ്യാപിച്ചുകിടക്കുന്ന ഈ മ്യൂസിയം, പുരാതന കേരളത്തിന്റെ ഒരു നീണ്ട ചരിത്രം ഉൾക്കൊള്ളുന്നു. വാണിജ്യ, കടൽ വ്യാപാര മാർഗങ്ങൾ; കേരളത്തിലെ പുരാതന തുറമുഖങ്ങൾ;

മുസിരിസ് പാപ്പിറസ് ചുരുളുകൾ, Ganeza ശേഖരങ്ങൾ മുതലായവയെക്കുറിച്ചുള്ള പരാമർശങ്ങൾ; അസീറിയക്കാർ, ഫിനീഷ്യക്കാർ, ബാബിലോണിയക്കാർ, ഈജിപ്തുകാർ, റോമാക്കാർ, ഗ്രീക്കുകാർ, ജൂതന്മാർ, ചൈനക്കാർ, അറബികൾ, യൂറോപ്യൻ ശക്തികൾ തുടങ്ങിയ വിദേശികളുമായുള്ള വ്യാപാര വാണിജ്യ ബന്ധങ്ങൾ; ടാബുല പ്യൂടിജെറിയാന (Tabula Peutingeriana) ഉൾപ്പെടെയുള്ള പുരാതന ഭൂപടങ്ങൾ; മധ്യകാല കേരളത്തിന്റെ രാഷ്ട്രീയ ഘടന; മേഖലയിലെ വ്യാപാരവും കോളനിവൽക്കരണവും; കൊച്ചിയുടെ പോർച്ചുഗീസ്-ഡച്ച്-ഇംഗ്ലീഷ് ചരിത്രം; ആധുനിക കൊച്ചി തുറമുഖം; കൊച്ചിയിലെ പഴയ ദൃശ്യങ്ങൾ; ഡച്ച് അടുക്കളയും പഴയ അടുക്കള പാത്രങ്ങളും; 20-ആം നൂറ്റാണ്ടിന്റെ ആദ്യകാല ബാസ്റ്റ്യൻ ബംഗ്ലാവിനെ പ്രതിനിധീകരിക്കുന്ന ദൃശ്യ സാമഗ്രികൾ, ഫോർട്ട് കൊച്ചിയുടെ മാറുന്ന ഭൂപടങ്ങൾ, കൊച്ചിയിലെ വിവിധ സമൂഹങ്ങൾ, പഴയകാല പെയിന്റിംഗുകൾ, പതിനേഴാം നൂറ്റാണ്ടിലെ ബൊട്ടാണിക്കൽ ഗ്രന്ഥമായ ഹോർത്തൂസ് മലബാറിക്കസിൽ നിന്നുള്ള ഈ പ്രദേശത്തെ സസ്യജന്തുജാലങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഒക്കെയും ഈ മ്യൂസിയത്തിൽ ശേഖരിച്ചിരിക്കുന്നു.

## IFA- ബാസ്റ്റ്യൻ ബംഗ്ലാവ് ക്രിയേറ്റീവ് പ്രോജക്റ്റിനെക്കുറിച്ച്:

ക്രിയേറ്റീവ് പ്രോജക്റ്റ് കോ-ഓർഡിനേറ്റർക്ക് ക്യൂറേറ്റോറിയൽ പരവും, കലാത്മകലക്ഷ്യത്തോടെയും മ്യൂസിയവുമായി സഹകരിക്കുവാൻ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. കൂടാതെ പോഡ്കാസ്റ്റുകൾ, സിനിമകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ പൊതുജനസമ്പര്ക്കം വർദ്ധിപ്പിക്കുകയും അതുവഴി തികച്ചും നൂതനമായ രീതിയിലുള്ള ഒരു ക്യൂറേറ്റോറിയൽ പ്രക്രിയ വിഭാവനം ചെയ്യാനും പ്രോജക്റ്റ് കോ-ഓർഡിനേറ്റർക്ക് അവസരമുണ്ടാകും.

ഒരു വർഷത്തേക്കാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ഫോർട്ട്കൊച്ചിയിലെ ബാസ്റ്റ്യൻ ബംഗ്ലാവിലെ ശേഖരങ്ങൾ നേരിട്ട് സന്ദർശിക്കാനും പഠിക്കാനും ഗവേഷണം നടത്താനും പ്രോജക്റ്റ് കോർഡിനേറ്റർമാർ സന്നദ്ധരാകേണ്ടതുണ്ട് . പ്രോജക്റ്റ് കാലയളവിൽ മുകളിൽ സൂചിപ്പിച്ച നിർദ്ദിഷ്ട ശേഖരങ്ങളിലേക്ക് പ്രോജക്റ്റ് കോർഡിനേറ്റർമാർക്ക് പ്രവേശിക്കുവാനും പഠിക്കുവാനും അനുവാദം ഉണ്ടായിരിക്കും. മ്യൂസിയത്തെക്കുറിച്ചും ഗവേഷണത്തിന് ലഭ്യമായ വിഭവങ്ങളെക്കുറിച്ചും കൂടുതൽ വിവരങ്ങൾക്ക്, എറണാകുളം ജില്ലാ പൈതൃക മ്യൂസിയത്തിലെ ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് അനൂപ് സിയുമായി ബന്ധപ്പെടുക

dhmbbfortkochi@gmail.com

പദ്ധതി നടപ്പാക്കുന്നത് IFA -യുടെ നേതൃത്വത്തിലായിരിക്കുമെന്ന കാര്യം ദയവായി ശ്രദ്ധിക്കുക

അപേക്ഷകന്റെ യോഗ്യതകൾ:

- ക്യൂറേറ്റർമാർ, കലാകാരന്മാർ, ഗവേഷകർ, എഴുത്തുകാർ, അവതരണം നടത്തുന്നവർ, ഗവേഷണ പശ്ചാത്തലമുള്ളതും, ആർക്കൈവൽ, മ്യൂസിയം ശേഖരങ്ങളിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവരുമായ മറ്റ് ക്രിയാത്മക പ്രവർത്തകരിൽ നിന്നും ഞങ്ങൾ അപേക്ഷകൾ സ്വീകരിക്കുന്നു.
- മ്യൂസിയം, അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ, ശേഖരം എന്നിവയുമായി കലാത്മകമായി സഹകരിക്കാനും മ്യൂസിയത്തെ ഒരു പൊതുജന സമ്പർക്ക ഇടമായി

മാറ്റുന്നതിനാവശ്യമായപരിഷ്കാരങ്ങൾ നടപ്പിലാക്കാൻ കഴിയുന്ന അപേക്ഷകളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു,

- അന്തർവൈജ്ഞാനികവും, സഹകരണാഭിമുഖ്യമുള്ള രീതിശാസ്ത്രങ്ങളോടും കൂടി പദ്ധതിയുടെ ലക്ഷ്യത്തെ സാധൂകരിക്കാൻ പ്രേരിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതുമായ അപേക്ഷകളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.
- ഇന്ത്യൻ പൗരന്മാർക്കാണ് അപേക്ഷിക്കാൻ അർഹതയുള്ളത്. ഞങ്ങളുടെ യോഗ്യതാ മാനദണ്ഡങ്ങളെക്കുറിച്ച് കൂടുതലറിയാൻ, ദയവായി ഇവിടെ ക്ലിക്ക് ചെയ്യുക.

അപേക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ:

- നിങ്ങളുടെ അപേക്ഷയിൽ താഴെക്കാണുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കണം:
- മുകളിൽ സൂചിപ്പിച്ച ദൃശ്യപരവും പാഠപരവുമായ വസ്തുക്കളിൽ നിന്ന് വികസിപ്പിച്ചെടുക്കാവുന്ന ഒരു പദ്ധതിയുടെ രൂപരേഖ (ഒരു എക്സിബിഷന്റെ രൂപത്തിലോ അല്ലെങ്കിൽ പദ്ധതി ആഗ്രഹിക്കുന്ന നിർദ്ദിഷ്ട ലക്ഷ്യങ്ങളും ഫലങ്ങളുമടങ്ങിയ ഒരു രൂപരേഖ). അപേക്ഷകർക്ക് പദ്ധതിയെക്കുറിച്ചുള്ള പൊതുവായ വീക്ഷണം, സമീപനങ്ങൾ, സാധ്യമായ ഫലങ്ങൾ തുടങ്ങിയ വിവരങ്ങളും സമർപ്പിക്കാനുദ്ദേശിക്കുന്ന രൂപരേഖയിൽ ഉൾപ്പെടുത്തണം. മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന വ്യത്യസ്ത ശേഖരങ്ങളിൽ നിന്നുള്ള വസ്തുക്കളെയും വിവരങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന രൂപരേഖകൾ പ്രോത്സാഹിപ്പിക്കുന്നതാണ്.
- മെറ്റീരിയലിൽ നിന്ന് വികസിപ്പിച്ചെടുക്കാവുന്നതും പൊതുജനങ്ങൾക്കായി സംഘടിപ്പിക്കാവുന്നതുമായ മറ്റ് പരിപാടികളെക്കുറിച്ചുള്ള ഒരു ഹ്രസ്വ കുറിപ്പ്.
- വിശദമായ ബജറ്റ്.
- ഒരു ക്യൂറേറ്റർ, ആർട്സ് പ്രാക്ടീഷണർ അല്ലെങ്കിൽ ഗവേഷകൻ എന്ന നിലയിൽ നിങ്ങൾ ഏർപ്പെട്ടിരിക്കുന്ന ഒരു പ്രോജക്റ്റിന്റെ ഹ്രസ്വ വിവരണത്തോടുകൂടിയ നിങ്ങളുടെ ബയോഡാറ്റ. ഇതോടൊപ്പം സമർപ്പിക്കുന്ന വിവരണത്തിൽ നിങ്ങൾ ചെയ്ത പ്രോജക്റ്റിനെക്കുറിച്ചുള്ള കാഴ്ചപ്പാട്, സമീപനം, പ്രക്രിയകൾ, ഫലങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കണം. അറ്റാച്ച്മെന്റുകൾ അയക്കാതെ ദയവായി ഞങ്ങൾക്ക് ലിങ്കുകൾ മാത്രം അയയ്ക്കുക,

പദ്ധതി ബജറ്റ്:

- പദ്ധതിച്ചെലവ് 2,00,000/- രൂപയിൽ കൂടരുത്
- പ്രോജക്റ്റിന്റെ മുഴുവൻ കാലയളവിലേക്കും 1,44,000/- എന്ന പരിധിക്ക് വിധേയമായി നിങ്ങൾക്ക് പ്രതിമാസം 12,000/- രൂപ ഓണറേറിയത്തിനായി ബജറ്റ് ചെയ്യാം. ഓണറേറിയം ഉൾപ്പെടെയാണ് ആകെ തുക എന്നത് കൂടി ശ്രദ്ധിക്കുക.
- ഞങ്ങളുടെ ഫണ്ടുകൾ പ്രോജക്റ്റുമായി ബന്ധപ്പെട്ട ചെലവുകൾക്കും പ്രവർത്തനങ്ങൾക്കും മാത്രമേ വകമാറ്റാൻ കഴിയൂ. അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കാനോ ഉപകരണങ്ങൾ വാങ്ങാനോ പണം വകയിരുത്തുന്നതല്ല.
- ഓരോ ബജറ്റ് വിഭാഗവും പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകളുടെ ഒരു പ്രത്യേക ഇനവുമായി ബന്ധപ്പെട്ടതാണെന്ന് ഉറപ്പാക്കുക.

പ്രോജക്റ്റ് കോർഡിനേറ്റർ എന്ന നിലയിൽ ഐഎഫ്എ ഈ പ്രോജക്റ്റ് നിങ്ങളുമായി നേരിട്ട് നടപ്പിലാക്കുമെന്ന് ദയവായി ശ്രദ്ധിക്കുക.

പ്രധാന തീയതികൾ:

- അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 2023 ഫെബ്രുവരി 20 തിങ്കളാഴ്ചയാണ്.
- ഷോർട്ട്ലിസ്റ്റ് ചെയ്ത അപേക്ഷകർക്കായുള്ള അഭിമുഖങ്ങൾ 2023 ഏപ്രിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- ഒരു വര്ഷം നെണ്ട് നിൽക്കുന്ന പദ്ധതി 2023 ഏപ്രിൽ ആരംഭിക്കും.

അപേക്ഷയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചോദ്യങ്ങളോ സംശയങ്ങളോ ഉണ്ടെങ്കിൽ സബ്ജക്റ്റ് ലൈൻ സഹിതം ritwika@indiaifa.org എന്ന വിലാസത്തിൽ റിത്വിക മിശ്രയ്ക്ക് ഇമെയിൽ ചെയ്യുക

Subject Line: Application for IFA-Bastion Bungalow Creative Project